നം:എസ്സ്. സി 04/13011/2012

ചീഫ് എൻജിനീയറുടെ കാര്യാലയം
പൊതുമരാമത്ത് വകുപ്പ്,
ഭരണവിഭാഗം,
തിരുവനന്തപുരം ,
തിയതി : 07/11/2012

## സർക്കുലർ

വിഷയം: പൊ.മ.വ- ജീവനക്കാര്യം- റസ്റ്റ് ഹൗസുകളിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച്.

സൂചന: 1. ഉത്തരവ് നമ്പർ എസ്.സി.4/13011/12 തിയതി 18-10-2012.
2. അനൗദ്യോഗിക കുറിപ്പ് നമ്പർ ഇഇ3/8402/2011 തിയതി 20/10/12

സൂചന (1) പ്രകാരം പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള വിശ്രമ മന്ദിരങ്ങളിൽ സേവനമനുഷ്ഠിക്കുന്ന മാനേജർ ഗ്രേഡ് II മാരുടെ 30-09-12 വരെയുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് ബന്ധപ്പെട്ട മേലധികാരികൾ പരിശോധിച്ച് പരാതികളോ, ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ നിർദ്ദിഷ്ടസമയത്തിനുള്ളിൽ ടി ആഫീസിൽ സമർപ്പിക്കാൻ താല്പര്യപ്പെടുന്നു.

അതോടൊപ്പം പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള വിശ്രമ മന്ദിരങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന മാനേജർ ഗ്രേഡ് I, ബട്ലർ, കെയർടേക്കർ തുടങ്ങിയ തസ്തികകളിലെ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റുകളും അടിയന്തിരമായി തയ്യാറാക്കേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട മേലധികാരികൾ ടി തസ്തികകളിലെ ജീവനക്കാരുടെ സേവനപുസ്തകങ്ങൾ രണ്ടാഴ്ചയ്ക്കുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരാൻ താല്പര്യപ്പെടുന്നു. കൂടാതെ വിശ്രമമന്ദിരങ്ങളിലെ 30-06-2010 ന് ശേഷം നിയമിതരായ വിവിധ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ സേവന വിവരങ്ങളും ഇതോടൊപ്പം സമയബന്ധിതമായി കൈമാറാൻ ആവശ്യപ്പെടുന്നു.

ഭരണസഹായി
പി. എഫ് .സെക്ഷൻ & സ്പെഷ്യൽ സെൽ

To

ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അറിവിലേയ്ക്കായി പൊതുമരാമത്ത് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

പകർപ്പ്

ബന്ധപ്പെട്ട മേലധികാരികൾക്ക്

bs/